**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5455** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. മുഖേന വിനോദസഞ്ചാര യാത്രകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. മുഖേന വിനോദസഞ്ചാര യാത്രകൾ നടപ്പാക്കിയതിന് ജനങ്ങളിൽ നിന്ന് നല്ല പ്രതികരണം ഉണ്ടാകുന്ന സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളേയും വിനോദസഞ്ചാര കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ടൂർ പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | തൃശ്ശൂർ ജില്ലയിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളെയും വിനോദ സഞ്ചാര കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ മറ്റെല്ലാ ജില്ലകളിൽ നിന്നും ടൂർ പാക്കേജുകൾ ക്രമീകരിക്കുന്നുണ്ട്.<br><br>നിലവിൽ നാലമ്പല ദർശനം, ഗുരുവായൂർ ക്ഷേത്രം, വടക്കുംനാഥ ക്ഷേത്രം എന്നിവിടങ്ങളിലേക്കും, പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ ആതിരപ്പള്ളി, മലക്കപ്പാറ, വാഴച്ചാൽ എന്നീ സ്ഥലങ്ങളിലേക്കും ട്രിപ്പുകൾ നടത്തി വരുന്നുണ്ട്. കൂടുതൽ പാക്കേജുകൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ